"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ റർബൻ മിഷൻ പ്രവർത്തനങ്ങളുടെ ആവശ്യാർത്ഥം അനർട്ടിൽ നിന്നും വാഹനം വാടകയ്ക്ക് എടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.597/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 22.01.2019-ലെ J-11020/07/2015-Rurban നമ്പർ കത്ത്

2. സ.ഉ.(അച്ചടി) നം.24/2020/ധന തീയതി 07.03.2020.

3. ഗ്രാമവികസന കമ്മീഷണറുടെ 20.10.2020-ലെ 6230/ആർ.ഐ.4/2020/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ നാഷണൽ റർബൻ മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പരിശോധിക്കുന്നതിനും മീറ്റിംഗുകൾക്ക് സംബന്ധിക്കുന്നതിനും ഫീൽഡ്തല പരിശോധനകൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ അനർട്ടിൽ നിന്നും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകണമെന്നാണ് സൂചന (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ വകുപ്പുകൾക്ക് അനർട്ടിൽ നിന്നും വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ സൂചന (2) പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. നാഷണൽ റർബൻ മിഷൻ പ്രവർത്തന ചെലവുകൾക്കായി അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് അനുവദിച്ചിട്ടുള്ളതും, പ്രസ്തുത ഫണ്ടിൽ നിന്നും റർബൻ മിഷന്റെ ആവശ്യാർത്ഥം വാഹനം, transportation and conveyance charge അനുവദിക്കുന്നതിനും സൂചന (1) പ്രകാരം അനുമതി ലഭിച്ചിട്ടുമുണ്ട്.

3) മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ റർബൻ മിഷൻ പ്രവർത്തനങ്ങളുടെ ആവശ്യാർത്ഥം, ധനകാര്യ വകുപ്പിന്റെ സൂചന (2) ഉത്തരവിനും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അനർട്ടിൽ നിന്നും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് റർബൻ പദ്ധതിയുടെ സംസ്ഥാനതല നിർവഹണ ഉദ്യോഗസ്ഥനായ ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ് :ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

റർബൻ മിഷൻ നടപ്പാക്കുന്ന ജില്ലകളിലെ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

മാർക്കും, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ.

Signature valid

Digitally signed by NISAM N
Date: 2021.02.26 12:35:22 IST
Reason: Approved